# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 12-ാം തിയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

121. നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി
122. നാളികേരകൃഷിയുടെ പുനരുദ്ധാരണനടപടികൾ
123. തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി
124. കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം
125. സമഗ്ര നാളികേര വികസന പദ്ധതി
126. പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്ത ഭൂമി
127. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം
128. ആറളം ഫാമിലെ ആദിവാസി പുനരധിവാസം
129. നെൽകൃഷിക്ക് സബ്സിഡി
130. പ്രവേശനനികുതി നിയമം
131. വഴിയോര തണൽ പദ്ധതി
132. വൺറാങ്ക് വൺപെൻഷൻ ഉത്തരവ്
133. കർഷകരുടെ കടബാദ്ധ്യത
134. പച്ചക്കറി ആഭ്യന്തര ഉല്പാദനവും ജൈവകൃഷിയും
135. ചെറുകിട ജലവൈദ്യുത പദ്ധതികൾ
136. കെ.എസ്.എഫ്.ഇ.യുടെ സുവർണ്ണജൂബിലി ചിട്ടികൾ
137. കായംകുളം താപവൈദ്യുത നിലയം
138. സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക
139. അന്യസംസ്ഥാനലോട്ടറികൾ
140. സംസ്ഥാന ജീവനക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ
141. നികുതി കുടിശ്ശിക
142. ദേശീയസമ്പാദ്യ പദ്ധതി വഴിയുള്ള നിക്ഷേപസമാഹരണം
143. പച്ചക്കറി ക്ഷാമം
144. വീട് നിർമ്മിച്ചു നൽകാൻ നടപടി
145. വനംമേഖലയുടെ സമീപപ്രദേശങ്ങളിലെ തടിമില്ലുകൾ
146. 2006-2007 ൽ സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക വകയിരുത്തിയത്
147. വനാശ്രിതസമൂഹത്തിന് വേണ്ടിയുള്ള പദ്ധതികൾ
148. സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക
149. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി
150. പച്ച നാളികേര സംഭരണം

## നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി

*121 ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീമതി. ജെ.അരുന്ധതി
ശ്രീ. വി.ചെന്താമരാക്ഷൻ
,, ബി.ഡി.ദേവസ്സി
,, സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) അത്യുല്പാദനശേഷിയുള്ള നെൽവിത്തും മറ്റ് നടീൽ വസ്തുക്കളും ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷി വകുപ്പിന്റെ ഫാമുകളുടെയും കൃഷി ഭവനുകളുടെയും സീഡ് അതോറിറ്റിയുടെയും പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കുറഞ്ഞ വിലയ്ക്ക് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) കർഷകർക്ക് ആവശ്യമുള്ള വിവിധയിനം നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകളിലൂടെ ഉൽപ്പാദിപ്പിച്ച് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഫാമുകളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 120 ലക്ഷം രൂപയും ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 30 ലക്ഷം രൂപയും ഉൾപ്പെടെ 150 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ഈ തുക വിനി യോഗിച്ച് വിവിധയിനം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു കൊണ്ടിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൃഷി വകുപ്പിന്റെ പദ്ധതി കൾക്കും ത്രിതല പഞ്ചായത്തുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന കാർഷിക പദ്ധതികൾക്കും അടക്കം ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും ഫാമിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നു. എങ്കിലും അപൂർവ്വം ചില സന്ദർഭങ്ങളിൽ കർഷകരുടെ ആവശ്യകതയ്ക്കനുസൃതമായി ചിലയിനം നടീൽ വസ്തുക്കൾ നൽകുവാൻ കഴിയാതെ വരാറുണ്ട്. ഇത് പരിഹരിക്കുന്നതിനും കർഷകരുടെ ആവശ്യകത പരമാവധി നിറവേറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പ് ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ ഘട്ടംഘട്ടമായി പെഴ്സ്പെക്ടീവ് മാസ്റ്റർ പ്ലാൻ നടപ്പിലാക്കി വരുന്നു. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി RIDFൽ ഉൾപ്പെടുത്തിയുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഫാമുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനും ഫാമുകളിലെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വികസനത്തിനും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഫാമുകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുമായി ഒരു സ്പെഷ്യൽ ഓഫീസറുടെ കീഴിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 14 പുതിയ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുന്നതിനും കൃഷി ഭവനുകളുടെ കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ ആശയവിനിമയോപാധികൾ വാങ്ങൽ, അഗ്രോക്ലിനിക് മീറ്റിംഗ് എന്നിവയ്ക്കായി 100 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ കൃഷി ഭവനുകളുടെ വിജ്ഞാനവ്യാപന സംവിധാനം പുനസംഘടിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും പാക്കേജ് ജില്ലകളിൽ കർഷക കൗൺസിലിംഗ് സെന്ററുകൾ നടത്തുന്നതിനുമുള്ള നടപടികളും നിർദ്ദേശിച്ചിട്ടുണ്ട്. 2007 ഏപ്രിൽ മാസത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അടുത്ത സാമ്പത്തിക വർഷത്തെ കാർഷിക പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് വിശദീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി വമ്പിച്ച കർഷക സംഗമങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷിക്കാരും കൃഷിഭവനുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവൻ കേന്ദ്രങ്ങളിലും കൃഷി ഡയറക്ടറുടെ പ്രതിനിധി ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷിക്കാരുടെ പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് അടുത്ത മാസം മുതൽ കൃഷി അദാലത്തുകൾ സംഘടിപ്പിക്കും. ഇങ്ങനെ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ കഴിയുന്നത്ര ഇടങ്ങളിൽ കൃഷി മന്ത്രി തന്നെ പങ്കെടുക്കുന്നതാണ്. കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കൃഷിമന്ത്രിയുടെ ഓഫീസിൽ ടോൾ ഫ്രീ ഫോൺ സംവിധാനം ഇപ്പോൾതന്നെ ഏർപ്പെടുത്തികഴിഞ്ഞിരിക്കുകയാണ്.
ഫോൺ നമ്പർ: 0471-2331339

വിത്തുവികസന അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നാലുവിത്തുസംഭരണ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനും പച്ചക്കറി വികത്തിന്റെ ഉൽപ്പാദനത്തിന് സീഡ് അതോറിറ്റിക്ക് കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശം പതിനൊന്നാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പ് ഫാമുകൾ ഉൽപ്പാദിപ്പിക്കുന്ന വിവിധയിനം നടീൽ വസ്തുക്കൾ ഉൽപ്പാദനചിലവിന്റെ ഏകദേശം പകുതി വിലയ്ക്കാണ് കർഷകർക്ക് ലഭ്യമാക്കുന്നത്.

## നാളികേരകൃഷിയുടെ പുനരുദ്ധാരണനടപടികൾ

*122 ശ്രീ. എം. ചന്ദ്രൻ
,, പി. വിശ്വൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ഹംസ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് തെങ്ങുകളിൽ വ്യാപകമായി രോഗബാധ ഉണ്ടായതുമൂലം നാളികേര കർഷകർ വൻപ്രതിസന്ധിയില്ലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ

(സി) 'നാളികേര ടെക്നോളജി മിഷൻ' പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) തെങ്ങുകളിലെ രോഗ പ്രതിരോധത്തിനും നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനും സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ ?

### ഉത്തരം: ശ്രീ. മുല്ലക്കര രത്നാകരൻ
### (കൃഷി വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാറ്റുവീഴ്ച, കൂമ്പുചീയൽ, മണ്ഡരി കീടബാധ എന്നിവയാണ് തെങ്ങുകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. കേരരോഗങ്ങൾ നിയന്ത്രിക്കുന്നതിനും തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ താഴെപ്പറയുന്ന തെങ്ങുകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ചെറുകിട തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ നാളികേര ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.
2. കാറ്റു വീഴ്ചരോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ 1924.67 കോടി രൂപ ചിലവഴിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞു.
3. കേരാധിഷ്ഠിത കൃഷി രീതികൾ നടപ്പിലാക്കുന്നു.
4. സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.
5. നല്ലയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി റീജിയണൽ കോക്കനട്ട് നഴ്സറികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു.
6. കോക്കനട്ട് ടെക്നോളജി മിഷൻ പദ്ധതി നടപ്പിലാക്കി.
7. മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിനായി പദ്ധതി നടപ്പിലാക്കി.
8. കോഴിക്കോട് ജില്ലയിൽ കൂമ്പുചീയൽ രോഗം ബാധിച്ച 900 ഹേക്ടർ തെങ്ങിൻ പുരയിടങ്ങളിൽ കൂമ്പുചീയൽ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രദർശനതോട്ടങ്ങൾ സ്ഥാപിച്ചു. ഹെക്ടറിന് ഒരു വർഷം 17,500 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.
9. തിരുവനന്തപുരം ജില്ലയിലെ നാലു പഞ്ചായത്തുകളിൽ തെങ്ങിന്റെ രൂക്ഷമായ മഞ്ഞളിപ്പ് ബാധയുടെയും കാസർഗോഡ് ജില്ലയിൽ തെങ്ങോലപ്പുഴുവിന്റെയും നിയന്ത്രണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു

(സി) കാറ്റു വീഴ്ച രോഗനിയന്ത്രണത്തിനായി കേന്ദ്രഗവൺമെന്റിന്റെ 25% ധനസഹായത്തോടെ ടെക്നോളജി മിഷൻ പദ്ധതിപ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ 37.697 കോടി രൂപ അടങ്കൽ തുകയായി ഒരു പദ്ധതി നടപ്പിലാക്കി. 2002-03 മുതൽ 2005-06 വരെയായിരുന്നു പദ്ധതി കാലയളവ്. രോഗബാധിതമായ 6,94,261 തെങ്ങുകൾ വെട്ടിമാറ്റി പകരം 3,47,130 നല്ലയിനം തെങ്ങിൻതൈകൾ വിതരണം ചെയ്തു. 73,524 ഹെക്ടറിൽ സംയോജിത വളപ്രയോഗ രീതികൾ അവലംബിച്ചു.

(ഡി) ബി-പിരിവിലെ മറുപടി പോലെ.

## തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

*123 ശ്രീ.ജോർജ് എം. തോമസ്
'' സി.എം. ദിനേശ് മണി
'' കെ. ടി. ജലീൽ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാന ദേശീയപാതയോരങ്ങളിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പദ്ധതി നടത്തിപ്പിന് തൊഴിലാളി സംഘടനകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം ഇനം മരങ്ങളാണ് നട്ടുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) മരങ്ങളുടെ പരിപാലനവും സംരക്ഷണവും നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യപ്പെടുമോ ?

**ഉത്തരം : ശ്രീ.ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കേരളത്തിലെ ദേശീയ പാതയുൾപ്പെടെ എല്ലാ റോഡുകളുടെ വശങ്ങളിലും വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന ഒരു പദ്ധതി വനം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 61.65 ലക്ഷം രൂപയാണ്. ആദ്യഘട്ടത്തിൽ ദേശീയ പാതയോരങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കാലയളവ് 4 വർഷമാണ്. 2006 -2007 ൽ തുടങ്ങി 2009 -2010 ൽ അവസാനിക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിൽ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട വഴിയോരങ്ങളിലും ചുമട്ടുതൊഴിലാളി സംഘടനകളുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി വൃക്ഷതൈകൾ നട്ട് പരിപാലിച്ച് വളർത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പൂമരങ്ങൾ, തണൽമരങ്ങൾ, അലങ്കാര വൃക്ഷങ്ങൾ, ഫല വൃക്ഷങ്ങൾ, ചെറു വൃക്ഷങ്ങൾ, ഔഷധമൂല്യമുള്ള വൃക്ഷങ്ങൾ എന്നീ ഇനങ്ങളിൽപ്പെട്ട വിവിധതരം വൃക്ഷതൈകളാണ് നട്ടുപിടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണവും പങ്കാളിത്തവും നട്ടുപിടിപ്പിക്കുന്ന വൃക്ഷതൈകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും പ്രതീക്ഷിക്കുന്നുണ്ട്. അത് ആവശ്യപ്പെടുന്നതാണ്.

## കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം

*124 ശ്രീ. പി. ടി. എ. റഹിം
,, വി. ശിവൻകുട്ടി
,, വി. എൻ. വാസവൻ
,, എ. എം. യൂസഫ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതി തള്ളുന്നതിനും കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കടംമൂലം ആത്മഹത്യ ചെയ്ത എത്ര കർഷകരുടെ കടബാധ്യതകളാണ് എഴുതി തള്ളിയത്; ഈയിനത്തിൽ ഉൾപ്പെടുന്ന തുക എത്രയാണ്;

(സി) കേന്ദ്ര സർക്കാർ അനുവദിച്ച വിദർഭ മോഡൽ പാക്കേജിന്റെ അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ)

1) സഹകരണ സ്ഥാപനങ്ങൾ വിതരണം ചെയ്ത കാർഷിക വായ്പ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി നടപടികൾക്ക് 31.12.2006 വരെ സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.
2) സർക്കാർ ഉത്തരവ് നമ്പർ (എം. എസ്.) 58/2006/ എ. ഡി. തീയതി 27.7.2006 പ്രകാരം 1.1.1999നും 31.7.2006നും ഇടയിലുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 31.12.2006 വരെ 300 കർഷകരുടെ കടബാധ്യത എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
3) ഷെഡ്യൂൾഡ്/റീജിയണൽ ഗ്രാമീണ ബാങ്കുകളിൽ നിന്നും എടുത്ത ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ (2006 സെപ്തംബർ 1 വരെയുള്ള മുതലും പലിശയും ഉൾപ്പെടെ) ബാങ്കുകൾ എഴുതിത്തള്ളുന്നതാണ്. ബാക്കി തുക സർക്കാർ പ്രസ്തുത ബാങ്കുകൾക്ക് നൽകുന്നതാണ്.
4) സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത രണ്ടു ലക്ഷം വരെയുള്ള വായപകൾ അതാതു സ്ഥാപനങ്ങൾ എഴുതിത്തള്ളുന്നതാണ്.

22.11.2006 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നമ്പർ 58/2006 തീയതി 28.11.2006 പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിച്ചു.

1. ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളുമ്പോഴുണ്ടാകുന്ന ബാധ്യത സഹകരണ സംഘം/സഹകരണ ബാങ്ക് വഹിക്കണം.
2. ഒരു ലക്ഷം രൂപയ്ക്ക് മീതെയുള്ള എല്ലാ കാർഷിക വായ്പകളും എഴുതിത്തള്ളുമ്പോൾ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത മുഴുവനും സർക്കാർ വഹിക്കുന്നതാണ്. കൂടാതെ കർഷക ആത്മഹത്യകൾ ഏറ്റവും കൂടുതൽ നടന്ന ജില്ലകളായ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്കായി 765.24 കോടി രൂപയുടെ പ്രത്യേക പാക്കേജിന് കേന്ദ്രാനുമതി നേടിയെടുക്കാനായിട്ടുണ്ട. ഈ പാക്കേജ് പ്രകാരം പലിശ ഇളവ് ചെയ്യുന്നതിന് 360 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 31.12.2006 വരെ ലഭ്യമായ കണക്കനുസരിച്ച് ആത്മഹത്യ ചെയ്ത 300 കർഷകരുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്. തുക 1,55,96,064/- രൂപ.

(സി) സംസ്ഥാനത്തെ ദുരിതബാധിത ജില്ലകളായ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകൾക്കായി കേന്ദ്രം പ്രത്യേക പാക്കേജ് പ്രകാരം 765.24 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ സീഡ് റീപ്ളെയ്സ്മെന്റ് പദ്ധതി പ്രകാരം 1.92 കോടി രൂപയും മൈക്രോ ഇറിഗേഷൻ പദ്ധതിക്കായുള്ള 19.53 കോടി രൂപയും എക്സ്റ്റെൻഷൻ സർവ്വീസ് പദ്ധതിയുടെ കീഴിലുള്ള ഫാർമേഴ്സ് കൗൺസിലിംഗിനായി 1.50 കോടി രൂപയും നീർത്തട വികസനത്തിനുള്ള 81 കോടി രൂപയുടെ പദ്ധതികളും കൃഷി വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

മൂന്ന് വർഷമായി നടപ്പാക്കുന്നതിനുള്ള പദ്ധതികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നതേയുള്ളൂ. നടപടി ക്രമങ്ങൾ പൂർത്തിയാക്കി പദ്ധതികൾ പൂർണ്ണമായി പ്രാവർത്തികമാക്കുമ്പോൾ മാത്രമേ അതിന്റെ പ്രയോജനം എത്ര ലഭിക്കുമെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. പ്രയോജനം വ്യക്തികൾക്കല്ല മറിച്ച് ഒരു സമൂഹത്തിനായിരിക്കും ലഭിക്കുക.

## സമഗ്ര നാളികേര വികസന പദ്ധതി

*125 ശ്രീ. വർക്കല കഹാർ
'' ജി. കാർത്തികേയൻ
'' പി.സി. വിഷ്ണുനാഥ്
'' ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സമഗ്ര നാളികേര വികസന പദ്ധതിയ്ക്കു പ്രതീക്ഷിക്കുന്ന ചെലവെത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ?

### ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ
### (കൃഷി വകുപ്പുമന്ത്രി)

(എ) സമഗ്ര നാളികേര വികസനത്തിനായി കാറ്റുവീഴ്ച രോഗം നിയന്ത്രിച്ച് തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഏഴു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന പദ്ധതിക്കായി 1924.67 കോടി രൂപ ചെലവ് വരുന്ന പദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്.

(ബി) വികസനപ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഏഴു വർഷം കൊണ്ട് നടപ്പിലാക്കുന്ന ഒരു ബൃഹത് നാളികേര വികസന പദ്ധതിയാണിത്. ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതി ഉടൻ നടപ്പിൽ വരുന്നതാണ്.

അനുബന്ധം

| | ഘടകം | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം |
|---|---|---|---|
| 1 | രോഗം രൂക്ഷമായ തെങ്ങുകൾ വെട്ടിനീക്കുക | 37.19 ലക്ഷം തെങ്ങുകൾ | 130.17 കോടി |
| 2 | കായ്ഫലമില്ലാത്ത രോഗബാധയുള്ള തെങ്ങുകൾ വെട്ടിനീക്കുക | 27.97 ലക്ഷം | 21.97 കോടി |
| 3 | രോഗം രൂക്ഷമായ തെങ്ങുകൾ വെട്ടിനീക്കിയതിന് പകരം (50%) നല്ലയിനം തെങ്ങിൻതൈകൾ സൗജന്യമായി കർഷകർക്ക് നൽകുക | 18.60 ലക്ഷം തെങ്ങിൻ തൈകൾ | 5.57 കോടി |
| 4 | കായ്ഫലമെത്താത്ത തെങ്ങുകൾ വെട്ടിയതിന് പകരം (50%) നല്ലയിനം തെങ്ങിൻതൈകൾ സൗജന്യമായി കർഷകർക്ക് വിതരണം | 10.99 ലക്ഷം | 3.30 കോടി |
| 5 | സീറോളജിക്ക്ൽ ലാബുകൾ സ്ഥാപിക്കൽ സെൻട്രൽ (തിരുവനന്തപുരം)<br><br>സാറ്റലൈറ്റ് ( കൊല്ലം, ആലപ്പുഴ, എറണാകുളം) | 1 എണ്ണം<br><br>3 എണ്ണം | 1.30 കോടി |
| 6 | സംയോജിത വളപ്രയോഗം | 256812 ഹെക്ടർ | 1685.38 കോടി |
| 7 | ജലസേചന സൗകര്യം ഏർപ്പെടുത്തൽ | 25681 ഹെക്ടർ | 77.04 കോടി |
| | | ആകെ | 1924.67 കോടി |

## പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്ത ഭൂമി

*126 ശ്രീ. കെ. ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) 2001-2006 കാലഘട്ടത്തിൽ ആദിവാസി കുടുംബങ്ങൾക്ക് എത്ര ഹെക്ടർ ഭൂമിയാണ് വിതരണം ചെയ്തത്;

(സി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഇത്തരത്തിൽ എത്ര ഭൂമി ഇവർക്കായി വിതരണം ചെയ്തിട്ടുണ്ട്?

**ഉത്തരം: ശ്രീ.എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസി കുടംബങ്ങൾക്ക് ഒരേക്കറെങ്കിലും ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ച് പുനരധിവാസ വികസന പരിപാടി നടപ്പിലാക്കി വരുന്നു. ആദിവാസികളുടെ കയ്യിലുള്ള ഭൂമിക്ക് കൈവശരേഖ/പട്ടയം സമയബന്ധിതമായി വിതരണം നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

സുപ്രീം കോടതി വിധി തീർപ്പ് വരുന്നതനുസരിച്ച് ലഭ്യമാകുന്ന ഭൂമിയിൽ (സുമാർ 19000 ഏക്കർ) പുതിയ കേന്ദ്ര ആദിവാസി നിയമം (Scheduled Tribes and Other Traditional Forest Dwellers Act 2006 ) പ്രാബല്യത്തിൽ വരുമ്പോൾ ലഭ്യമാകുന്ന വനഭൂമിയും ഉപയോഗപ്പേടുത്തി ഭൂ പ്രശ്നം പരിഹരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 6690.59 ഏക്കർ ഭൂമി (2707.6818 ഹെക്ടർ)

(സി) 3262 ഏക്കർ ഭൂമി ഒരു ഏക്കർ വീതം വിതരണത്തിനുള്ള നടപടി ഈ മാസം പൂർത്തീകരിക്കും(ആറളം, ആലക്കോട്). ഇതിനു പുറമേ 2627 കുടുംബങ്ങൾക്ക് 2578 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.

## ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

*127 ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീമതി. അയിഷാപോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
„ സി.എം. ദിനേശ്മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പു തടയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ചെക്ക് പോസറ്റുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ ഈ സർക്കാർ ഇതിനകം എത്ര പരിശോധനകൾ നടത്തിയെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; അമരവിള ചെക്ക് പോസ്റ്റിൽ സമാന്തര ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) ഇത് തടയുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം : ഡോ. തോമസ് ഐസക്
(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ചെക്ക് പോസ്റ്റ് വഴി കടന്ന് വരുന്ന ചരക്ക് വാഹനങ്ങൾ വിശദമായി പരിശോധിച്ച് വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചുകൊടുത്ത് നികുതി പിരിച്ചെടുക്കുവാൻ സഹായിക്കുന്നു. ഇതിൽ എന്തെങ്കിലും പിഴവ് വന്നിട്ടു ണ്ടെങ്കിൽ അവ കണ്ടെത്തുന്നതിന് വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ചെക്ക് പോസ്റ്റ് വഴി കടന്നു വരുന്ന വാഹനങ്ങളിൽ ചിലത് വീണ്ടും പരിശോധന നടത്തുകയും നികുതിവെട്ടിപ്പ് നടന്നിട്ടുണ്ടെങ്കിൽ പിഴ ഈടാക്കുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പോലീസ്, വിജിലൻസ് വിഭാഗവും ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ക്കാനർ, വേയ് ബ്രിഡ്ജ് തുടങ്ങിയ ആധുനിക സംവിധാനങ്ങൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ ചെക്കിംഗ് പ്ലാറ്റ് ഫോം, ഫ്ളെഡ് ലൈറ്റ് എന്നിവ ഏർപ്പെടുത്തുന്ന തിനും നടപടികൾ നടന്നു വരുന്നു.

(ബി) വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇരുന്നൂറ്റിയേഴ് പരിശോധന കൾ നടത്തിയിട്ടുണ്ട്. പോലീസ് വിജിലൻസ് വിഭാഗം 2006-2007 വർഷത്തിൽ 8 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) 2006-2007 സാമ്പത്തിക വർഷത്തിൽ 20 വാണിജ്യ നികുതി ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമരവിള ചെക്ക്പോസ്റ്റിൽ സമാന്തര ചെക്ക് പോസ്റ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അമരവിള ടൈൽ ഫാക്ടറി ജംഗ്ഷനിലുള്ള ചെക്ക് പോസ്റ്റ് പരിസരത്തുള്ള ഊട് വഴികളിലൂടെ ചരക്ക് വാഹനങ്ങൾ കടന്നു പോകുന്നതായി ശ്രദ്ധയിൽപ്പെടുകയും ഉടനെതന്നെ അത് തടയുകയും ചെയ്തിട്ടുണ്ട്

(ഡി) പോലീസിന്റെ സഹായത്തോടെ ഊട് വഴിയിൽ കൂടെയുള്ള കള്ളക്കടത്ത് തടയുന്ന തിനും പ്രസ്തുത വഴി അടയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഇത് ആവർത്തി ക്കാതിരിക്കാൻ ഇന്റലിജൻസ് വിഭാഗത്തിന്റെ സാന്നിദ്ധ്യം പ്രസ്തുത പ്രദേശങ്ങളിൽ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആറളം ഫാമിലെ ആദിവാസി പുനരധിവാസം

*128 ശ്രീ കെ.സി.കുഞ്ഞിരാമൻ.
,, പി. ജയരാജൻ
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
ശ്രീ.എം.പ്രകാശൻ മാസ്റ്റർ
,, ബി. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ആദിവാസി പുനരധിവാസത്തിനായി ആറളം ഫാമിൽ എത്ര ഏക്കർ ഭൂമിയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഇതിനകം ഇവിടെ എത്ര പേർക്ക് ഭൂമി അനുവദിച്ചു ; അതിൽ എത്ര പേർക്ക് കൈവശാവകാശ രേഖ നൽകി ;

(സി) ആറളം ഫാമിലെ ഭൂവിതരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന അനുരഞ്ജന ശ്രമങ്ങളിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ആറളം ഫാമിൽ മൊത്തം ലഭ്യമായ 3060 ഹെക്ടർ ഭൂമിയിൽ പകുതി ഭാഗമായ 1530 ഹെക്ടർ (ഏകദേശം 3779 ഏക്കർ) ഭൂമിയാണ് ആദിവാസി പുനരധിവാസത്തിനായി നീക്കിവച്ചിട്ടുള്ളത്.

(ബി) ഇതിനകം 840 പേർക്ക് ഭൂമി അനുവദിച്ചു. അതിൽ ഇതുവരെ 751 പേർ കൈവശാവകാശ രേഖ കൈപ്പറ്റിയിട്ടുണ്ട്.

(സി) ആറളം ഫാമിലെ ഭൂവിതരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം ഭൂമി കൈയ്യേറ്റമാണ്.

(ഡി) കയ്യേറ്റക്കാർ സമാധാനപരമായി ഒഴിഞ്ഞുപോകണമെന്ന് അഭ്യർത്ഥിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 7.7.2006 ലെ സർവ്വകക്ഷി യോഗത്തിൽ ഫാം കൈയ്യേറിയവർ സ്വയം കയ്യേറ്റ ഭൂമി ഒഴിഞ്ഞു പോകണമെന്ന് തീരുമാനിക്കുയുണ്ടായി. ആറളത്തെ ഭൂവിതരണം സുഗമമായി നടത്തുന്നതിന് 1.10.2006ന് ഒരു ജില്ലാതല കർമ്മ സമിതി രൂപീകരിക്കുകയും രണ്ടാംഘട്ട ഭൂവിതരണത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും 5259 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ച് ഭൂ വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ഭൂ വിതരണം പൂർത്തിയാകുന്നത് വരെ ആദിവാസി പുനരധിവാസ വികസന പ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലയിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു പ്രത്യേക യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഇ) 7.7.2006 ൽ കൂടിയ വിവിധ ആദിവാസി സംഘടനകളുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ പരമാവധി കണ്ണൂർ ജില്ലയിലെ അർഹരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതാണെന്നും, ഫാം കൈയ്യറിയവർ സ്വയം കൈയ്യറ്റ ഭൂമി ഒഴിഞ്ഞു പോകുന്നതാണെന്നും തീരുമാനമായിട്ടുണ്ട്.

## നെൽകൃഷിക്ക് സബ്സിഡി

*129 ശ്രീ. എം. ഹംസ
„ പി. കൃഷ്ണപ്രസാദ്
„ സി.കെ. പി. പത്മനാഭൻ
„ എം.ചന്ദ്രൻ
„ എ. സി. മൊയ്തീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിലവിൽ നെൽകൃഷിക്ക് നൽകുന്ന സബ്സിഡി തുക എത്രയാണെന്നും അത് ഏത് വർഷത്തിലാണ് നിർണ്ണയിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) നെൽകൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സബ്സിഡി ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) നിലവിൽ നെൽകൃഷിക്ക് സംസ്ഥാന പദ്ധതിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഉൾപ്പെടുത്തി ഉല്പാദന ഉപാധികൾ ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങൾക്ക് സബ്സിഡി നൽകിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) നെൽകൃഷി വികസനത്തിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആ ഘട്ടത്തിൽ പരിശോധിക്കും. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

(സി) നിലവിൽ ചെറുകിട നാമമാത്ര കർഷകർക്കാണ് സബ്സിഡി നൽകിവരുന്നത്.

(ഡി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൊതുവെ കാലതാമസം ഉണ്ടാകാറില്ല. ഉണ്ടെങ്കിൽ പരിഹരിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

### അനുബന്ധം

| | |
|---|---|
| I സംസ്ഥാന പദ്ധതി | നിലവിലുള്ള സബ്സിഡി തുക (ഹെക്ടർ ഒന്നിന്) |
| (1) ഗ്രൂപ്പ് ഫാമിംഗ് പുനരുദ്ധാരണ പദ്ധതി | 1000 രൂപ (വിത്ത്, വളം തുടങ്ങിയ ഉൽപാദന ഉപാധികൾ ഗ്രൂപ്പടിസ്ഥാനത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് |
| (2) തരിശുഭൂമി കൃഷി പദ്ധതി | 5000 രൂപ |
| II കേന്ദ്രാവിഷ്കൃത പദ്ധതി (എം.ഒ.യു) | |
| (1) രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി | 4000 രൂപ<br>1. 1000 രൂപ വിത്ത് സൗജന്യമായി നൽകുന്നതിന്<br>2. ഹെക്ടറിന് കുറഞ്ഞത് 2000 കിലോഗ്രാം നെൽവിത്ത് ഉൽപാദിപ്പിക്കുന്നതിന് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 2000 രൂപ ഉൽപാദന പ്രോൽസാഹനം<br>3. പാക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കായി 1000 രൂപ ധനസഹായം |

| | |
|---|---|
| (2) അത്യുൽപാദനശേഷിയുള്ള നെൽ വിത്തുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 2 രൂപ സബ്സിഡി നൽകുന്ന പദ്ധതി | 160 രൂപ |
| (3) നെൽകൃഷിയിൽ ജീവാണുവളം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി | 50 രൂപ |
| (4) ഒറ്റഞാർ കൃഷി പ്രോൽസാഹിപ്പിക്കു-ന്നതിനുള്ള പദ്ധതി | 2500 രൂപ |
| (5) അത്യുൽപാദനശേഷിയുള്ള നെൽ വിത്തിനങ്ങളുടെ പ്രദർശനത്തോട്ടം സജ്ജമാക്കുന്നതിനുള്ള പദ്ധതി | 2500 രൂപ |
| (6) നെൽകൃഷിയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിനും സൂക്ഷ്മാണുമൂലകങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിനും നെല്ല്, പച്ചക്കറി, എള്ള്, നിലക്കടല, പയർവർഗ്ഗങ്ങൾ, എന്നിവയുടെ പുതിയ ഇനങ്ങളുടെ കൃഷി (മൂന്നാം വിളക്കാലത്ത്) പ്രോൽസാഹിപ്പി-ക്കുന്നതിനുമുള്ള പദ്ധതി) | 5000 രൂപ |
| III <u>നോൺ പ്ലാൻ പദ്ധതികൾ</u> | |
| (1) ഉല്പാദന ബോണസ് | ഹെക്ടറിന് 1050 രൂപ (ഒരു സീസണിൽ 350 രൂപ വീതം) |
| (2) സൗജന്യ വൈദ്യുത പദ്ധതി | നെൽകൃഷിക്കാർക്ക് പരിധിയില്ലാതെ സൗജന്യ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. |

## പ്രവേശനനികുതി നിയമം

*130 ശ്രീ.വി.ശിവിൻകുട്ടി
,, എ.എം.ആരിഫ്
,, വി.ശശികുമാർ
,, സാജു പോൾ
,, ആനത്തലവട്ടം ആനന്ദൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യവകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) പ്രവേശനനികുതി നിയമം അസാധുവാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമം റദ്ദു ചെയതത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ;

(സി) പ്രവേശനനികുതി നിർത്തലാക്കിയതു മൂലമുള്ള നഷ്ടം നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) പ്രവേശന നികുതി സംബന്ധിച്ച് പ്രസിഡന്റിന്റെ മുൻകൂർ അനുമതിയോടെ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം: ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 1994-95 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഏകദേശം 473 കോടി രൂപ നഷ്ടം വരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രവേശന നികുതി നിയമം ഭരണഘടനയുടെ 301-ാം വകുപ്പിന്റെ ലംഘനമാണെന്ന് വിധിച്ചാണ് ഹൈക്കോടതി പ്രസ്തുത നിയമം റദ്ദാക്കിയത്

(സി) ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വാങ്ങിക്കൊണ്ട് പ്രവേശനനികുതി നിയമനിർമ്മാണം നടത്തുന്നതിനു വേണ്ടിയുള്ള നടപടികളും എടുത്തുവരുന്നു.

(ഡി) ഉണ്ട്.

## വഴിയോര തണൽ പദ്ധതി

*131 ശ്രീ. ബാബു പോൾ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.പി. തിലോത്തമൻ
ശ്രീ.രാജാജി മാത്യൂ തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവന നിർമ്മാണവു വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ഫലവൃക്ഷങ്ങളും പുമരങ്ങളും നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തു നടപ്പാക്കുന്നതിന് ഒരു വഴിയോര തണൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; ഈ പദ്ധതിയുടെ നടത്തിപ്പിന് തൊഴിലാളികളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൽ നട്ടുവളർത്തുന്ന വൃക്ഷതൈകളുടെ പരിപാലനം ഏതുവിധമായിരിക്കുമെന്ന് വിശദമാക്കുമോ?

**ഉത്തരം : ശ്രീ.ബിനോയ് വിശ്വം**
**(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) തീരുമാനിച്ചിട്ടുണ്ട്. വനംവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള തീരവനം, എന്റെ മരം, വഴിയോരതണൽ എന്നീ പദ്ധതികളിൽ നാടൻ ഫലവൃക്ഷങ്ങളുടെയും പൂമരങ്ങളുടെയും തണൽ മരങ്ങളുടെയും ഘനമരങ്ങളുടെയും തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

കേരളത്തിലെ ദേശീയ പാതയുൾപ്പെടെയുള്ള എല്ലാ റോഡുകളുടെ വശങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന ഒരു പദ്ധതി വനംവകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 61.65 ലക്ഷം രൂപയാണ്. ആദ്യഘട്ടത്തിൽ ദേശീയ പാതയോരങ്ങൾക്ക് ഊന്നൽ നൽകി പദ്ധതിയുടെ ഒന്നാം വർഷത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കാലയളവ് 4 വർഷമാണ്. 2006-2007-ൽ തുടങ്ങി 2009-2010-ൽ അവസാനിക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിൽ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട വഴിയോരങ്ങളിലും ചുമട്ടുതൊഴിലാളി സംഘടനകളുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി വൃക്ഷത്തൈകൾ നട്ട് പരിപാലിച്ച് വളർത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതിയുടെ നടത്തിപ്പിന് തൊഴിലാളികളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ നിരവധി കൂടിയാലോചനകളും സംസ്ഥാനതല ശിൽപശാലയും നടത്തിയിട്ടുണ്ട്.

(സി) നട്ടുവളർത്തുന്ന വൃക്ഷത്തൈകളുടെ പരിചരണവും പരിപാലനവും അതാത് സ്ഥലങ്ങളിലെ ചുമട്ടുതൊഴിലാളികൾ മുഖ്യപങ്കു വഹിക്കുന്ന പ്രാദേശിക സംരക്ഷണ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ട്രീ ഗാർഡുകൾ സ്പോൺസർഷിപ്പിലൂടെ നേടി വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ട ചുമതല ഈ പ്രാദേശിക കമ്മിറ്റികൾക്കായിരിക്കും.

## വൺറാങ്ക് വൺപെൻഷൻ ഉത്തരവ്

*132 ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
" പി. കെ. അബ്ദു റബ്ബ്
" വി.കെ. ഇബ്രാഹിം കുഞ്ഞ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി വൺറാങ്ക് വൺപെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഇതിന്റെ ഗുണഫലം എന്നുമുതലാണ് പെൻഷൻകാർക്ക് ലഭിക്കുന്നത്;

(സി) ഇതനുസരിച്ചുളള പെൻഷനും കുടിശ്ശികയും മുഴുവൻ പെൻഷൻകാർക്കും ലഭിച്ചുകഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവനുസരിച്ചുളള പെൻഷനും കുടിശ്ശികയും മുഴുവൻ പെൻഷൻകാർക്കും എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനായി ഇപ്പോൾ സർക്കാർ എടുത്തിട്ടുളള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) 18.4.2004-ലെ ജി.ഒ.(പി) നമ്പർ 180/06/ധന എന്ന ഉത്തരവുപ്രകാരം ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതിയ പെൻഷൻ പരിഷ്ക്കരണത്തിന് 1.4.2005 മുതൽ സാമ്പത്തിക പ്രാബല്യം നൽകിയിട്ടുണ്ട്.

(സി) ഇല്ല

(ഡി) പെൻഷൻ പരിഷ്ക്കരണ ഉത്തരവുപ്രകാരം പെൻഷൻ പുനർനിർണ്ണയം ചെയ്യുന്നതിനായി സർക്കാർ അക്കൗണ്ടന്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ ജോലി നടന്നുവരികയാണ്. ഇടക്കാലത്ത് ജീവനക്കാരുടെ സമരംമൂലം ജോലി തടസ്സപ്പെട്ടുവെങ്കിലും ഇപ്പോൾ ഇത് പുനരാരംഭിച്ചിട്ടുണ്ട്.

(ഇ) ഓരോ കേസിലും പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് കുടിശ്ശിക നൽകുന്നതിനും പെൻഷൻ ഉയർന്ന നിരക്കിൽ നൽകുന്നതിനും നടപടിയെടുക്കുന്നു. 3 ലക്ഷത്തോളം വരുന്ന എല്ലാവരുടെയും പെൻഷൻ പുനർനിർണ്ണയം ഒൻപത് മാസത്തിനുള്ളിൽ പൂർത്തിയാക്കാം എന്നാണ് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ളത്. നിസ്സാരമായ വ്യത്യാസം വരുന്നവരുടെ കേസുകൾ മാറ്റി നിർത്തിയാൽ 3-4 മാസങ്ങൾകൊണ്ട് ഇത് ചെയ്ത് തീർക്കാമെന്ന് സർക്കാർ കരുതുന്നു.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ മേൽനോട്ടത്തിൽ പെൻഷൻ പുനർനിർണ്ണയം ചെയ്യുന്ന ജോലി നിർവ്വഹിക്കുവാൻ ആദ്യഗഡുവായ 50 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കർഷകരുടെ കടബാദ്ധ്യത

*133 ശ്രീ കെ.ബാബു
,, പി.എൻ.പ്രതാപൻ
,, ജി.കാർത്തികേയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷിവകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷരുടെ ഋണബാധ്യതയേയും കാർഷിക കടബാദ്ധ്യതയേയും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ കർഷകർ ഋണബാധ്യതയിൽപെടുന്നതിനുളള കാരണങ്ങൾ വ്യക്ത മാക്കുമോ;

(സി) അവരെ അതിൽ നിന്ന് മോചിപ്പിക്കുന്നതിനുളള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ മാർഗ്ഗങ്ങൾ ഗവൺമെന്റ് സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാ ക്കുമോ?

### ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, കൃഷി/വിളനാശം, അമിതമായ വായ്പാ പലിശനിരക്ക് തുടങ്ങിയ കാരണങ്ങളാൽ കർഷകർ കടക്കെണിയിൽ ചെന്നെത്തുന്നു. കൂടാതെ കർഷകന് കൃഷിക്കാവശ്യമായ സമയത്ത് പലിശ കുറഞ്ഞ കാർഷിക വായ്പ ബാങ്കുകൾവഴി ലഭിക്കാതെ വരുമ്പോൾ സ്വകാര്യ പണമിടപാടുകാരിൽനിന്നും അമിത പലിശ നിരക്കിൽ വായ്പയെടുക്കാൻ കർഷകർ നിർബന്ധിതരാകുന്നതും (വിശദീകരണക്കുറിപ്പ്-1) ഇതിന് ഇടയാക്കുന്നു.

(സി) & (ഡി) സംസ്ഥാന സർക്കാർ കർഷകരെ സഹായിക്കുന്നതിനും കടക്കെണിയിൽനിന്നും അവരെ മോചിപ്പിക്കുന്നതിനുമായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കടക്കെണിയിൽപ്പെട്ട കർഷകരെ സഹായിക്കുന്നതിന് രാജ്യത്താദ്യമായി കാർഷിക കടാശ്വാസ നിയമം നിർമ്മിച്ച്, കടാശ്വാസ കമ്മീഷൻ രൂപീകരണ ഘട്ടത്തിലാണ്.
2. കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.
3. കാർഷിക വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകി.
4. കാർഷിക വായ്പകൾ കുറഞ്ഞ പലിശയ്ക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.
5. കാർഷിക വായ്പകളുടെ പലിശയിൽ ഇളവ് വരുത്തി.
6. അഞ്ചു ജില്ലകൾക്കായി പ്രത്യേക കാർഷിക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചു. 3 ജില്ലകൾക്ക് കേന്ദ്ര ആനുകൂല്യം നേടിയെടുക്കാനായി. 2 ജില്ലകളിലേത് കേന്ദ്ര പരിഗണനയിലാണ്.
7. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിന് നെല്ല്, കൊപ്ര, പച്ചനാളികേരം എന്നിവയുടെ സംഭരണം സർക്കാർ തലത്തിൽ തന്നെ നടത്തി.
8. അടയ്ക്കാ കർഷകർക്ക് സഹായകരമായി ഒരു സബ്സിഡി പദ്ധതി ഉടൻതന്നെ ഗവണ്മെന്റ് പ്രഖ്യാപിക്കുന്നതാണ്.
9. ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷികകടങ്ങൾ എഴുതിത്തള്ളുകയും, അത്തരം കുടുംബങ്ങൾക്ക് അൻപതിനായിരം രൂപയുടെ ധനസഹായം നൽകുകയും ചെയ്തു.

ഈ നിലിയിലുള്ള ഒട്ടനവധി പ്രവർത്തനങ്ങളിലൂടെ കർഷകരുടെ അത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും കടക്കെണിയിൽനിന്നും അവരെ മോചിപ്പിക്കുന്നതിനും സർക്കാൻ പ്രവർത്തിച്ചുവരുന്നു.

# പച്ചക്കറി ആഭ്യന്തര ഉല്പാദനവും ജൈവകൃഷിയും

*134 ശ്രീ. വി.എസ്. സുനിൽകുമാർ
,, രാജാജി മാത്യൂ തോമസ്
,, പി. തിലോത്തമൻ
,, കെ. അജിത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ പച്ചക്കറി ആവശ്യമുണ്ട്; ഇതിൽ ആഭ്യന്തര ഉല്പാദനം എത്രയാണ്;

(ബി) ആഭ്യന്തര ഉല്പാദനത്തിലെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; അത് എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പച്ചക്കറി കൃഷിയിൽ ജൈവകൃഷി സമ്പ്രദായം നടപ്പാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് പ്രതിവർഷം 17,41,050 ടൺ പച്ചക്കറി ആവശ്യമുണ്ട്. ഇതിൽ ആഭ്യന്തര ഉൽപാദനം 7 ലക്ഷം ടൺ ആണ്.

(ബി) ആഭ്യന്തര ഉൽപാദനത്തിലെ കുറവ് പരിഹരിക്കുന്നതിനായി കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ വഴി പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു പച്ചക്കറി വകസന പരിപാടി "ഹരിതശ്രീ" ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ ജില്ലകളെ പച്ചക്കറി ജില്ലകളായി പ്രഖ്യാപിക്കുന്നതാണ്. കൂടാതെ 'നഗരത്തിൽ ഒരു നാട്ടിൻപുറം' എന്ന പരിപാടിയിൽ പട്ടണപ്രദേശങ്ങളിൽ വീട്ടുവളപ്പുകളിലും ടെറസുകളിലും പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി അമ്പത് ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, സാങ്കേതിക പരിശീലനം, വായ്പ, വിപണനത്തിനുള്ള സൗകര്യങ്ങൾ എന്നിവ വി.എഫ്.പി.സി.കെ. വഴി ലഭ്യമാക്കി ഉൽപാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. പരമ്പരാഗത പച്ചക്കറിയുൽപാദന മേഖലകളിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറിയുൽപാദനം നടത്തുക, ഫാമുകളുടെ ലഭ്യമായ സ്ഥലത്ത് പച്ചക്കറിയുൽപാദനം നടത്തുക എന്നിവയും ഹരിതശ്രീ പദ്ധതിയുടെ ഭാഗമാണ്.

(സി) ഉണ്ട്. ജൈവകൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പ് ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിവിധ ഘടകങ്ങൾക്കായി 2 കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 248 ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിലൂടെ പച്ചക്കറി കൃഷി ചെയ്യുന്നതിന് 24.80 ലക്ഷം രൂപയും 135 ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിലൂടെ വാഴക്കൃഷി ചെയ്യുന്നതിന് 20.25 ലക്ഷം രൂപയും കർഷകർക്ക് സഹായധനമായി നൽകുന്നു.

<u>**ചെറുകിട ജലവൈദ്യുത പദ്ധതികൾ**</u>

*135 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സമീപനം വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ പരിഗണനയിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ചെറുകിട ജവലൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പരമാവധി പ്രോൽസാഹനം സർക്കാർ നൽകി വരുന്നു. സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള ക്യാപ്ടീവ് (സി.പി.പി.), ഇൻഡിപെൻഡന്റ് (ഐ.പി.പി.) പവർ ഉൽപാദക വിഭാഗത്തിന് പദ്ധതികൾ തുടങ്ങുവാനുള്ള മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. ഇതിനുപുറമേ ആസൂത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷ എന്ന പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം കൊടുക്കുന്നുണ്ട്.

(ബി) അനുബന്ധം I-ഉം 1I-ഉം ആയി ചേർക്കുന്നു.

(സി)
1. ചെമ്പുകടവ് - I(2.70MW/6.24 MU)
2. ചെമ്പുകടവ് - II(3.75 MW/9.659 MU)
3. ഉറുമി –I (3.75 MW/9.531 MU)
4. ഉറുമി-II (2.40 MW/6.099 MU)
5. മലങ്കര (10.50 MW/65 MU)
6. ലോവർ മീൻമുട്ടി (3.50 MW/7.63 MU)

ഇതുകൂടാതെ മാങ്കുളം ഗ്രാമപഞ്ചായത്തിനുവേണ്ടി 110 KW മാങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി UNIDO സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

## 2011 വരെയുള്ള കാലയളവിൽ [illegible] നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | | സ്ഥാപിതശേഷി (മെഗാവാട്ട്) | ഉൽപാദനശേഷി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1. | നേര്യമംഗലം എക്സ്റ്റൻഷൻ | 25 | 58 |
| 2. | കുറ്റ്യാടി ടെയിൽറേസ് | 3.75 | 15 |
| 3. | മണിയാർ ടെയിൽറേസ് | 4.00 | 16.73 |
| 4. | ചെമ്പുകടവ് | 2.00 | 5.96 |
| 5 | പൂഴിത്തോട് | 4.80 | 10.97 |
| 6. | വിലങ്ങാട് | 7.50 | 22.63 |
| 7. | ആനക്കാംപൊയിൽ | 7.50 | 22.00 |
| 8. | ചിമ്മിനി | 2.50 | 6.03 |
| 9. | പീച്ചി | 1.50 | 3.315 |
| 10. | പതംകയം | 4.50 | 6.44 |
| 11. | കണ്ടപ്പൻചാൽ | 6.00 | 12.00 |
| 12. | ആഢ്യൻപാറ | 3.50 | 9.01 |
| 13. | [illegible] | 21.00 | 51.00 |
| 14. | കക്കാടംപൊയിൽ I | 20.00 | 55.00 |
| 15 | കക്കാടംപൊയിൽ II | 5.00 | 11.00 |
| 16. | മർമല | 4.50 | 13.00 |
| 17 | ചെങ്കുളം ടെയിൽ റേസ് | 3.60 | 12.56 |
| 18 | ചാത്തൻകോട്ടുനട II | 6.00 | 14.67 |
| 19. | പെരുംതേനരുവി | 6.00 | 25.77 |
| 20. | [illegible] | 4.00 | 12.00 |
| 21. | അപ്പർ കല്ലാർ | 3.00 | 9.00 |
| 22. | [illegible] | 9.00 | 40.5 |
| 23 | കാരാപ്പുഴ ഡാം ടോ | 0.5 | 2.05 |
| 24. | മീൻമുട്ടി | 1.5 | 3.41 |
| 25. | പെരുവണ്ണാമൂഴി ഡാം ടോ | 1.5 | — |
| 26. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ടെയിൽ റേസ് | 4.00 | 9.20 |
| 27 | [illegible] II | 4.00 | 9.234 |
| 28. | [illegible] | 4.00 | 9.76 |
| 29. | [illegible] | 3.00 | 7.10 |

| | | | |
|---|---|---|---|
| 30. | കല്ലറ | 9.00 | 20.3 |
| 31. | ആനാടലം | 8.00 | 34.00 |
| 32. | വെസ്റ്റേൺ കൂറവ് | 5.00 | 14.3 |
| 33. | നന്ദിയോട് | 3.00 | 9.44 |
| 34 | ചാത്തന്നൂർകോട്ടുകോണം I | 2.50 | 8.04 |

ആകെ 200.65 ഹെക്ടർ

(അനുബന്ധം 2)

# 2011 വരെയുള്ള കാലഘട്ടത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ചെറുകിട പദ്ധതികൾ

| | പദ്ധതി | സ്ഥാപിതശേഷി | ഉൽപ്പാദനശേഷി |
|---|---|---|---|
| 1. | ചെങ്കിലല്ലാർ | 15.00 | 85.00 |
| 2. | വളല്ലാർ | 20.00 | 55.00 |
| 3. | അപ്പില – II | 10.5 | 27.9 |
| 4. | [illegible] ചേളൂർ ലോവർ | 6 | 14.75 |
| 5. | അനക്കൽ | 5 | 8.64 |
| 6. | ആനമുക്ക് | 2.5 | 9.762 |
| 7. | ആറൽ മീൻമുട്ടി | 16 | 41.48 |
| 8. | അരുതക്കുട്ടി | 13 | 34 |
| 9. | ചിറ്റിമുറ | 0.35 | 0.6 |
| 10. | ഇട്ടിയാനി | 2.5 | 10.97 |
| 11. | കടിഞ്ഞാക്കനാറ് | 0.3 | 0.684 |
| 12. | കന്നൂർപുഴ | 0.75 | 2.145 |
| 13 | കോന്നിരപ്പുഴ മിനി | 1.0 | - |
| 14. | [illegible] | 2 | 16.055 |
| 15 | പൂനൂർ മണ്ടി | 1.5 | 3.04 |
| 16 | [illegible] | 2 | - |
| 17 | മരതൊട്ടുപുഴ | 0.8 | 1.32 |
| 18 | മരപ്പുഴ | 5 | 11.983 |
| 19 | മുന്നാംകടവ് | 2 | 8.614 |
| 20 | മൂരിക്കടവ് | 1.5 | 4.4 |
| 21 | മണ്ണുവൻമുട്ടി | 4 | 11.63 |
| 22 | ഒലിക്കൽ | 6.5 | 13.39 |
| 23 | പാലക്കുഴി | 5.5 | 21.78 |
| 24 | പാറത്തോട് | 0.29 | 1.0 |
| 25 | പെരിൻകി | 2.5 | 10.76 |
| 26 | പെരങ്ങത്തോളി മിനി | 0.85 | 1.95 |
| 27 | പന്നൂർപുഴ | 2 | 4.7 |
| 28 | പൂവാറംതോട് | 2 | 6.08 |
| 29 | [illegible] | 9 | 68 |
| 30 | [illegible] | 4 | 10.04 |
| 31 | [illegible]വാലി | 6 | 13.24 |

| | | | |
|---|---|---|---|
| 32. | കുറ്റിയടി മിനി | 0.5 | 1.020 |
| 33 | ഒരവർക്കുട്ടി | 4.5 | 12.41 |
| 34. | തിവിലിമലം | 2 | 3.97 |
| 35 | ഇടക്കാനവിരി | 2 | 5.04 |
| 36 | മാങ്കുഴി | 5 | 15.3 |
| 37 | വാഗമൺ മിനി | 0.5 | 1.82 |
| 38 | വാലൻതോട് | 8 | 19.01 |

ആകെ 171.28 MW

[signature]

സെക്ഷൻ ഓഫീസർ

## കെ.എസ്.എഫ്.ഇ.യുടെ സുവർണ്ണജൂബിലി ചിട്ടികൾ

*136 ശ്രീ.എ.എം.ആരിഫ്
,, കെ.കെ.ദിവാകരൻ
,, എം.ജെ.ജേക്കബ്
,, കെ.ടി.ജലീൽ
,, കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കേരളപ്പിറവിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് കെ.എസ്. എഫ്.ഇ. ആരംഭിച്ച ഗോൾഡൻ ജൂബിലി ചിട്ടികൾ എത്ര മാത്രം നേട്ടം കൈവരിച്ചു എന്നു വെളിപ്പെടുത്തുമോ;

(ബി) താഴ്ന്ന വരുമാനക്കാരെ ലക്ഷ്യമിട്ട് ചിട്ടികളും വായ്പാ പദ്ധതികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ചിട്ടി പിടിക്കുന്നതിനും ലോൺ എടുക്കുന്നതിനും ഉദ്യോഗസ്ഥ ജാമ്യം വേണമെന്ന നിബന്ധനയിൽ ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) 20 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ലക്ഷ്യമിട്ട് 3 മാസത്തേയ്ക്ക് ആരംഭിച്ച ഈ പദ്ധതിയിൽ (2006 നവംബർ ഒന്നാം തീയതിമുതൽ ജനുവരി 31-ാം തീയതി വരെ ചിട്ടിയിൽ ചേർന്നിട്ടുള്ള വരിക്കാരിൽനിന്നും) 42 കോടിയിലധികം രൂപയുടെ ചിട്ടി ബിസിനസ്സ് പുതിയതായി ആരംഭിക്കുവാൻ കഴിഞ്ഞു. ഗോൾഡൻ ജൂബിലി ചിട്ടിയുടെ ഭാഗമായി 1,42,000-ത്തിൽപ്പരം പുതിയ ചിറ്റാളൻമാരെ കെ.എസ്.എഫ്.ഇ.-യുടെ ഇടപാടുകാരാക്കാൻ സാധിച്ചു.

(ബി) താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട സ്വാശ്രയ ഗ്രൂപ്പ്, കുടുംബശ്രീ അംഗങ്ങൾ, വാർഡുതല അയൽക്കൂട്ടം എന്നിവരെക്കൂടി ഉൾപ്പെടുത്തി ചെറിയ തവണസംഖ്യ വരുന്ന ചിട്ടികൾ തുടങ്ങുവാൻ കമ്പനി ആലോചിക്കുന്നുണ്ട്.

(സി) ചിട്ടി പണം ലഭിക്കുവാനും ലോൺ തുകകൾ സ്വീകരിക്കുന്നതിനും ആൾ ജാമ്യം കൂടാതെ വസ്തുജാമ്യം, ഫിക്സഡ് ഡെപ്പോസിറ്റുകൾ, പോസ്റ്റോഫീസ് എൻ.എസ്.സി, കിസാൻ വികാസ് പത്ര, പോസ്റ്റ് ഡേറ്റഡ് ചെക്ക്, എൽ.ഐ.സി. പോളിസികൾ, സ്വർണ്ണപ്പണ്ടം, ബാങ്ക് ഗ്യാരന്റി തുടങ്ങിയ വ്യക്തമായ സാമ്പത്തിക രേഖകൾ കെ.എസ്.എഫ്.ഇ. ഈടായി ഇപ്പോൾത്തന്നെ സ്വീകരിക്കുന്നുണ്ട്.

## കായംകുളം താപവൈദ്യുത നിലയം

*137 ശ്രീ.കെ.സി.വേണുഗോപാൽ
,, അടൂർ പ്രകാശ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാം ഘട്ട പണിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്ത് ;

(ബി) രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ പ്രസ്തുത നിലയത്തിൽ നിന്ന് ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും ;

(സി) അതിൽ നിന്ന് സംസ്ഥാനത്തിന് എത്ര വൈദ്യുതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വൈദ്യുതിക്ക് കൊടുക്കേണ്ടതായി വരുന്ന വിലയെത്രയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം : ശ്രീ. എ.കെ. ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 1950 MW ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് തറക്കല്ലിട്ടു. പ്രസ്തുത പദ്ധതിയിൽ ഉപയോഗിക്കേണ്ട ഇന്ധനമായ LNG ലഭ്യമാക്കുന്നതിലേയ്ക്കായി NTPC നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രതിവർഷം ഉദ്ദേശം 13750 MU വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് ഉദ്ദേശം 468 MW വൈദ്യുതി ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഡി) വൈദ്യുതിയുടെ പ്രതിയൂണിറ്റ് വില 2.7264 രൂപ ആയിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

## സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക

*138 ശ്രീ. എൻ. ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എത്ര ശതമാനം ക്ഷാമബത്ത നൽകാൻ ബാക്കിയുണ്ട്;

(ബി) എന്ന് മുതൽക്കുള്ള ക്ഷാമബത്തയാണ് കൊടുക്കാൻ ബാക്കിയുള്ളത്;

(സി) കുടിശ്ശിക എന്നു കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക പണമായി നൽകാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള നിരക്കിൽ സംസ്ഥാന ജീവനക്കാർക്ക് 1.1.2005 മുതൽ 1.7.2006 വരെയുള്ള 15 ശതമാനം (4 ഗഡു) ക്ഷാമബത്ത നൽകാനുണ്ട്.

(ബി) 1.1.2005 മുതൽക്കുള്ള ക്ഷാമബത്തയാണ് കൊടുക്കാൻ ബാക്കിയുള്ളത്.

(സി) 2007-08-ൽ

(ഡി) മുൻകാലങ്ങളിലെ പതിവനുസരിച്ച് കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## അന്യസംസ്ഥാന ലോട്ടറികൾ

*139 ശ്രീ. വി. സുരേന്ദ്രൻപിള്ള
" മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണുള്ളത്; വിശദവിവരം നൽകാമോ;

(ബി) ഇപ്രകാരം ഏതൊക്കെ ലോട്ടറികൾ വിൽക്കുന്നതിനാണ് അനുവാദമുള്ളത്;

(സി) ഇവ, വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇത് സംബന്ധിച്ചുണ്ടായ കോടതി വിധി എന്തായിരുന്നു;

(ഇ) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) 2005-ലെ കേരള പേപ്പർ ലോട്ടറീസ് ആക്ടനുസരിച്ച് ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ കേന്ദ്ര ഭരണപ്രദേശമോ അല്ലെങ്കിൽ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യമോ നടത്തുന്ന ലോട്ടറി ടിക്കറ്റുകൾ 1998-ലെ ലോട്ടറീസ് റെഗുലേഷൻ ആക്ടിലെ 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് വിൽപ്പന നടത്തുവാൻ അനുവദിച്ചിട്ടുണ്ട്. സർക്കാർ നേരിട്ട് വിൽപ്പന നടത്താത്തിടത്ത് ആ സർക്കാർ, പ്രസ്തുത സർക്കാരിനുവേണ്ടി നിയമിച്ചിട്ടുള്ള പ്രമോട്ടർമാർ ഓരോ ബമ്പർ നറുക്കെടുപ്പിനും 10 ലക്ഷം രൂപയും സാധാരണ നറുക്കെടുപ്പിന് 2,50,000/- രൂപയും നിരക്കിൽ മുൻകൂറായി നികുതി നൽകേണ്ടതാണ്.

(ബി) ഇപ്രകാരം സിക്കിം സംസ്ഥാനത്തിന്റെയും ഭൂട്ടാൻ സർക്കാരിന്റെയും ലോട്ടറികൾ വിൽക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(സി) അന്യ സംസ്ഥാന ലോട്ടറികൾ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുകയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ) നംപർ 3017/06-ലെ 10/1/2007-ലെ വിധിപ്രകാരം അന്യ സംസ്ഥാന ലോട്ടറി (സിക്കിം) ഭരണഘടനയുടെ 7-ാം പട്ടികയിൽ ലിസ്റ്റ് 1-ൽ 40-ാം എൻട്രിയിൽ വരുന്ന വിഷയമായതിനാൽ സംസ്ഥാന ഗവണ്മെന്റിന് രജസ്ട്രേഷൻ റദ്ദാക്കുവാനുള്ള അധികാരമില്ലായെന്ന് പ്രസ്താവിച്ചിരിക്കുന്നു. ഭൂട്ടാൻ ലോട്ടറിയുടെ കാര്യത്തിൽ കേന്ദ്ര ലോട്ടറി നിയമത്തിലെ 4-ാം വകുപ്പിലെ നിബന്ധനകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രൊമോട്ടർമാർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുവാനുള്ള അധികാരം സംസ്ഥാന ഗവണ്മെന്റിനുണ്ടെന്ന് വിധിക്കുകയുണ്ടായി. മേൽ വിധി അനുസരിച്ച് വാണിജ്യ നികുതി വകുപ്പിന് മുൻകൂർ നികുതി സ്വീകരിക്കുവാനും പ്രൊമോട്ടർക്ക് രജിസ്ട്രേഷൻ റദ്ദാക്കുവോളം ലോട്ടറി വിൽപന തുടരുവാനും അനുമതി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സിക്കിം ലോട്ടറി വിൽപനയ്ക്കെതിരെ കേരള സർക്കാരും രജിസ്ട്രേഷൻ റദ്ദാക്കൽ നടപടിക്കെതിരെ ഭൂട്ടാൻ ലോട്ടറിയുടെ പ്രൊമോട്ടറായ ശ്രീ. ബാലാജി ഏജൻസീസും അപ്പീൽ ഫയൽ ചെയ്തു. ശ്രീ. ബാലാജി ഏജൻസീസ് ഫയൽ ചെയ്ത അപ്പീലിനുമേൽ അന്തിമവിധി പ്രസ്താവിക്കുംവരെ മേൽനടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

## സംസ്ഥാന ജീവനക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ

*140 ശ്രീ. എ. എം. യൂസഫ്
'' കെ. കെ. ദിവാകരൻ
'' കെ. വി. കുഞ്ഞിരാമൻ
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ
ശ്രീ. വി.ജെ. തങ്കപ്പൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാന ജീവനക്കാർക്ക് ബാങ്കുകൾ മുഖേന ഭവന വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുമായി സർക്കാർ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നതിനു മുമ്പ് ജീവനക്കാർക്ക് ലഭ്യമായിരുന്ന ഭവന വായ്പയുടെ പലിശ നിരക്ക് എത്രയായിരുന്നു ;

(സി) ബാങ്കുകൾ മുഖേനയുള്ള ഭവന വായ്പയുടെ പലിശ നിരക്ക് ക്രമാതീതമായി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) സംസ്ഥാന സർക്കാർ ബാങ്കുകളുമായി ചർച്ച ചെയ്ത് ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ 4.12.2002-ലെ ജി.ഒ.(പി) നം.744/2002/ധന ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്കുവേണ്ടി ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേന ഒരു പുതിയ ഭവന വായ്പാ പദ്ധതി ആവിഷ്ക്കരിച്ചു. ഇത് സംബന്ധിച്ച് ബാങ്കുകളുമായി പ്രത്യേക കരാർ വ്യവസ്ഥകളൊന്നുമില്ല.

(ബി) ബാങ്കുകൾ മുഖേന ഭവന വായ്പ അനുവദിക്കുന്നതിന് മുമ്പ് ജീവനക്കാർക്ക് ലഭ്യമായിരുന്ന ഭവന വായ്പയുടെ പലിശ നിരക്ക് 9 ശതമാനം ആയിരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാങ്കുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 5.3.2007-ലെ ജി.ഒ.(എം.എസ്) നം. 91/2007/ധന ഉത്തരവ് പ്രകാരം 9.75 ശതമാനം പലിശ നിരക്കിൽ സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ നൽകുവാൻ ഉത്തരവായിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകൾ ലൈബ്രറിയിൽ ലഭ്യമാണ്.

## നികുതി കുടിശ്ശിക

*141 ശ്രീ. റോഷി അഗസ്റ്റിൻ
" തോമസ് ചാഴികാടൻ
" ജോസഫ്.എം. പുതുശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ സംസ്ഥാനത്ത് നികുതി ഇനത്തിൽ എത്ര രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു;

(ബി) കുടിശ്ശിക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം ഇതുവരെ എത്ര തുക പിരിച്ചെടുക്കാൻ കഴിഞ്ഞെന്ന് അറിയിക്കുമോ;

(സി) മുൻ വർഷത്തെ അപേക്ഷിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) വിൽപ്പന നികുതി, വാറ്റ് ഇനങ്ങളിൽ 3078.70 കോടി രൂപയും, അബ്കാരി കുടിശ്ശികയിനത്തിൽ 332,8987,116/ രൂപയും, മോട്ടോർ വാഹന നികുതിയിനത്തിൽ 51,64,83,425/- രൂപയും കെ.എസ്.ആർ.ടി.സി.യിൽ നിന്നും, 4,69,89,25,780/- രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ടായിരുന്നു.

(ബി) 31-1-2007 വരെ വിൽപ്പന നികുതിയും വാറ്റ് ഇനത്തിൽ 99.00 കോടി രൂപയും, അബ്കാരി കുടിശ്ശികയിനത്തിൽ 2,64,36,851/-രൂപയും പിരിച്ചെടുത്തു. മോട്ടോർ വാഹന വകുപ്പ് 16,67,19,379/-രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) മുൻ വർഷത്തെ അപേക്ഷിച്ച്, ഗതാഗത വകുപ്പിലും വാണിജ്യ നികുതി വകുപ്പിലും നികുതി കുടിശ്ശിക പിരിവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിൽ 45% വർദ്ധനവും ഗതാഗത വകുപ്പിൽ 7.25% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

## ദേശീയസമ്പാദ്യ പദ്ധതി വഴിയുള്ള നിക്ഷേപസമാഹരണം

*142 ശ്രീ. ബി.ഡി.ദേവസ്സി
,, പി.ജയരാജൻ
,, സി.എച്ച്.കുഞ്ഞമ്പു
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, എം.എം.മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം ഇതുവരെ ദേശീയ സമ്പാദ്യ പദ്ധതിയിൽ സംസ്ഥാനം എത്ര കോടി രൂപ നിക്ഷേപമായി സമാഹരിച്ചു ;

(ബി) ഈ വർഷത്തെ നിക്ഷേപലക്ഷ്യം എത്രയാണ്;

(സി) നിക്ഷേപസമാഹരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർക്കും മറ്റ് ഏജൻസികൾക്കും സർക്കാർ നൽകുന്ന പ്രോത്സാഹനം എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) നിക്ഷേപ തുകയുടെ എത്ര ശതമാനം വികസന പ്രവർത്തനങ്ങൾക്ക് വായ്പയായി സർക്കാരിന് ലഭിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ നിക്ഷേപം കുറയുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) 2007 ജനുവരി 31 വരെ മൊത്തം നിക്ഷേപമായി 4013.21 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. മിച്ച നിക്ഷേപമായി 963.5 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) 2950 കോടി രൂപ

(സി) ഉദ്യോഗസ്ഥർക്ക് നിലവിൽ പ്രോൽസാഹന അലവൻസ് നൽകുന്നില്ല. എന്നാൽ ഏജന്റുമാർക്ക് പ്രോൽസാഹന അലവൻസും, വാർഷിക ബോണസും നൽകി വരുന്നു. കൂടാതെ എൽ.ഐ.സി. വഴിയുള്ള പെൻഷൻ പദ്ധതി, ക്ഷേമനിധി, ചികിൽസാ ധനസഹായം, മക്കളുടെ വിവാഹ വായ്പ, സ്ക്കോളർഷിപ്പ്, വാഹന വായ്പ എന്നിവയും നൽകി വരുന്നു.

(ഡി) നിലവിൽ മിച്ച നിക്ഷേപമായി സമാഹരിക്കുന്ന മുഴുവൻ തുകയും സംസ്ഥാന സർക്കാരിനുള്ള ദീർഘകാല വായ്പയായി ലഭിച്ചു വരുന്നു.

(ഇ) ഉണ്ട്. സ്ഥാപനങ്ങൾ (ക്ഷേമനിധി ബോർഡ്/ട്രസ്റ്റ്) മുഖേനയുള്ള നിക്ഷപം കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയതും, ദേശസാൽകൃത ബാങ്കുകളുടെ പലിശയിനത്തിൽ വന്ന വർദ്ധവും മാസവരുമാന പദ്ധതിയ്ക്ക് ഏർപ്പെടുത്തിയ ബോണസ് കേന്ദ്രം നിർത്തലാക്കിയതും, കാലാവധി പൂർത്തിയാക്കിയതിനു മുൻപ് പിൻവലിക്കപ്പെടുന്ന മാസവരുമാന പദ്ധതി നിക്ഷേപങ്ങൾക്ക് കേന്ദ്രം പിഴ പലിശ എർപ്പെടുത്തിയതും, ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപം ഗണ്യമായി കുറയാൻ കാരണമായി എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

## പച്ചക്കറി ക്ഷാമം

*143 ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീമതി. ജെ. അരുന്ധതി
,, പി. അയിഷാ പോറ്റി
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
,, കെ.വി. അബ്ദുൽ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; ഏതെല്ലാം ഏജൻസികളുടെ സഹകരണ ത്തോടെയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പച്ചക്കറി കൃഷിക്കായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങ ളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പച്ചക്കറികളുടെ സംഭരണവും വിപണനവും സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധ തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**ഉത്തരം: ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് ഹരിതശ്രീ പദ്ധതി നടപ്പിലാ ക്കാൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളെ പച്ചക്കറി ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഈ പദ്ധതി ഇടുക്കിയിൽ ഈ വർഷം ആരംഭിക്കുന്നു.

(ബി) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് ഹരിതശ്രീ എന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഒരു ലക്ഷം കർഷകരെ ഉൾപ്പെടുത്തി സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് ഉൽപാദനം വർദ്ധിപ്പിക്കും. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാ ക്കാൻ ഉദ്ദേശ്ശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഈ പദ്ധതി ഇടുക്കി യിൽ ഈ വർഷം ആരംഭിക്കുന്നതാണ്. 2.5 ലക്ഷം ടൺ പച്ചക്കറികളുടെ അധികോൽപ്പാദനമാണ് ഇടുക്കി ജില്ലയിൽ ഈ പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചൊതു മേഖലാ സ്ഥാപനങ്ങൾ എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാ ക്കുന്നത്. പദ്ധതിക്കാവശ്യമായ ധനസഹായം സസ്ഥാന ഹോർട്ടികൾച്ചർ മിഷനായി രിക്കും നൽകുക. ഇതോടൊപ്പം കൃഷി വകുപ്പ് പരമ്പരാഗത പച്ചക്കറി മേഖലകളിൽ കർഷക ഗ്രൂപ്പുകൾ വഴിയും ഉല്പാദനം നടത്തും.

(സി) പദ്ധതിയിൽ പങ്കാളികളാകുന്ന കർഷകർക്ക് കൃഷി വകുപ്പ് നൽകുവാൻ ഉദ്ദേശി ക്കുന്ന സഹായങ്ങൾക്ക് അന്തിമരൂപം നൽകി വരുന്നു. പച്ചക്കറി കർഷകർക്കായി ഗുണ മേന്മയുള്ള വിത്തുകൾ, സാങ്കേതിക പരിശീലനങ്ങൾ, വായ്പ, വിപണന സൗകര്യം എന്നിവ വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കാൻ ഉദ്ദേശി ക്കുന്നു. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നിന്നും സബ്സിഡി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഒരു ഹെക്ടറിന് 15,000/ രൂപ വീതം കർഷക ഗ്രൂപ്പു കൾക്ക് സബ്സിഡി നൽകുന്നതാണ്.

(ഡി) ഹോർട്ടികോർപ്പ്, വിഎഫ്.പി.സി.കെ. എന്നിവരെ വിപണന ചുമതല ഏൽപ്പിക്കാനാണ് ഉദ്ദേശ്ശിക്കുന്നത്. പച്ചക്കറികളുടെ വിപണനത്തിനായി വി.എഫ്.പി.സി.കെ. യുടെ ആഭിമുഖ്യത്തിൽ കൂടുതൽ സ്വാശ്രയ കർഷക വിപണികൾ ആരംഭിക്കുന്നതാണ്. ഇപ്പോഴുള്ള 205 സ്വാശ്രയ കർഷക വിപണികളെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളും നടത്തുന്നതാണ്. ശേഖരണത്തിന്റെയും വിപണത്തിന്റെയും പ്രധാന ചുമതല ഹോർട്ടികോർപ്പിനായിരിക്കും. 300 പുതിയ വിൽപ്പന ശാലകളും അന്താരാഷ്ട്ര നിലവാരമുള്ള രണ്ട് ഹൈപ്പർ വെജിറ്റബിൾ സൂപ്പർ മാർക്കറ്റുകളും ഹോർട്ടികോർപ്പ് ആരംഭിക്കും.

## വീട് നിർമ്മിച്ചു നൽകാൻ നടപടി

*144 ശ്രീ. ടി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്;

(ബി) ഇവർക്ക് വീടുണ്ടാക്കികൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചു വരുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ.ബിനോയ് വിശ്വം**
**(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് വീടില്ലാത്ത 8.26 ലക്ഷത്തോളം കുടുംബങ്ങൾ ഉണ്ട്.

(ബി) യും (സി) യും ഉണ്ട്. സുരക്ഷാ ഭവന പദ്ധതി, കാരുണ്യ ഭവന പദ്ധതി, ലക്ഷം വീട് നവീകരണ പദ്ധതി തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ ബോർഡുവഴി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ഇവയ്ക്കു പുറമേ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, മറ്റ് സർക്കാർ ഏജൻസികളും നടപ്പിലാക്കുന്ന ഭവന പദ്ധതികൾ എന്നിവയും സർക്കാർ പദ്ധതികളായി ഉണ്ട്. കൂടാതെ 2010-ഓടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഒരു ഹൗസിംഗ് പോളിസി ഉണ്ടാക്കുന്നതിനും വേണ്ടി സർക്കാർ രൂപീകരിച്ച ടാസ്ക്ക് ഫോഴ്സ് പ്രവർത്തനം നടത്തി വരുന്നു.

## വനംമേഖലയുടെ സമീപപ്രദേശങ്ങളിലെ തടിമില്ലുകൾ

*145 ശ്രീ. മഞ്ഞളാം കുഴി അലി
,, സാജുപോൾ
, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം മേഖലയുടെ സമീപ പ്രദേശങ്ങളിൽ തടിമില്ലുകൾ അനുവദിക്കുന്നതിന്റെ മാന ദണ്ഡം എന്താണ്;

(ബി) വനം മേഖലയിലുള്ള പെരുമ്പാവൂർ , കോടനാട് പ്രദേശങ്ങളിൽ നിരവധി തടി മില്ലു കൾക്ക് എൻ.ഒ.സി. നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതിനു പിന്നിൽ വൻ അഴിമതി നടന്നതായ പരാതി സംബന്ധിച്ച് പരിശോധിച്ചിട്ടു ണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എൻ.ഒ.സി തരപ്പെടുത്തുന്നതിന് ചില രാഷ്ട്രീയ നേതാക്കൾ പണപ്പിരിവുനടത്തിയ തായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) അഴിമതിയുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുമോ;

(എഫ്) മാനദണ്ഡത്തിന് വിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള തടിമില്ലുകളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ.ബിനോയ് വിശ്വം**
**(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) WP(C)202/95 എന്ന കേസിൽ 12.12.1996ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച് നിയോഗിച്ച എക്സ്പർട്ട് കമ്മിറ്റി തടിമില്ലുകൾ അനുവദി ക്കുന്നതിന് വനാതിർത്തിയിൽനിന്നും 5 കിലോമീറ്റർ ദൂരപരിധി നിർദ്ദേശിച്ചിട്ടുണ്ട് 30.10.2002-നു ശേഷം ഏതൊരു മരാധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനു മുൻപ് സെൻട്രൽ ഏംപവേർഡ് കമ്മിറ്റിയുടെ എൻ.ഒ.സി വാങ്ങണമെന്നും ബഹു. സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. പ്രസ്തുത സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സെൻട്രൽ ഏംപവേർഡ് കമ്മിറ്റിയാണ് പുതിയ മരാധിഷ്ഠിത വ്യവസായങ്ങൾക്ക് എൻ.ഒ.സി അനുവദിക്കുന്നത്.

(ബി) വനം മേഖലയിലുള്ള പെരുമ്പാവൂർ , കോടനാട് പ്രദേശങ്ങളിൽ 9 റബ്ബർ അധി ഷ്ഠിത തടി മില്ലുകൾക്ക് സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടു കൂടി ചില വ്യവസ്ഥകൾക്ക് വിധേയമായി വനംവകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(സി) പരാതിയിന്മേൽ അന്വേഷണം നടത്തി വരുന്നു. പ്രാഥമിക അന്വേഷണത്തിൽ കോടനാട് റെയിഞ്ചോഫീസറായി ശ്രീ. എൻ. ആർ. റാംമോഹനനും, സജീവ് കമാൽ എന്ന രാഷ്ട്രീയ പ്രവർത്തകനും ചേർന്ന് എൻ.ഒ.സി.ക്കു വേണ്ടി അപേക്ഷി ച്ചിരുന്നവരിൽ നിന്നും പണം ആവശ്യപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് റെയിഞ്ചോഫീസറായ ശ്രീ. എൻ. ആർ. റാംമോഹനനെ 22.2.2007 ൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിലുള്ള വിശദമായ അന്വേഷണം വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തി വരികയാണ്.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. ശ്രീ. സജീവ് കമാൽ എന്ന രാഷ്ട്രീയ പ്രവർത്തകനും കോട നാട് റെയിഞ്ചോഫീസറായി ശ്രീ. എൻ. ആർ. റാംമോഹനനും, ചേർന്ന് അഴിമതി നടത്തിയെന്ന് പരാതി ലഭിച്ചിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ കഴ മ്പുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) അഴിമതിയുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥനായ കോടനാട് റെയിഞ്ചോഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് കഴിഞ്ഞു. തുടർ അന്വേഷണം നടത്തി വരികയാണ്.

(എഫ്) മാനദണ്ഡത്തിന് വിരുദ്ധമായി തടിമില്ലുകൾ സ്ഥാപിച്ചിട്ടുള്ളതായി വിവരങ്ങൾ ലഭിച്ചിട്ടില്ല. മാനദണ്ഡത്തിന് വിരുദ്ധമായി തടിമില്ലുകൾ സ്ഥാപിച്ചിട്ടുള്ളതായി അറിവ് ലഭിച്ചാൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് വിവരം നൽകുകയും, അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്..

## 2006–2007 ൽ സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക വകയിരുത്തിയത്

*146 ശ്രീ. വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അവതരിപ്പിച്ച 2006–2007 ലെ ബഡ്ജറ്റിൽ സർക്കാർ ജീവനക്കാർക്ക് കുടിശ്ശികയായ ഡി.എ. കൊടുക്കുവാൻ തുക വകയിരുത്തിയിരുന്നോ ;

(ബി) ഇപ്പോഴത്തെ ഗവൺമെന്റ് അവതരിപ്പിച്ച 2006-07 -ലെ ബഡ്ജറ്റിൽ അധിക ഡി.എ. കൊടുക്കാൻ തുക വകയിരുത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഗവൺമെന്റ് ജീവനക്കാർക്ക് കുടിശ്ശിക വന്നിട്ടുള്ള ഡി.എ. യ്ക്ക് തുല്യം കുടിശ്ശിക ഇതിനു മുമ്പ് വന്നിട്ടുണ്ടോ;

(ഡി) യു.ഡി.എഫ് ഗവൺമെന്റ് ഡി.എ. കുടിശ്ശിക നൽകാൻ വകയിരുത്തിയ തുക ഈ സർക്കാർ എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടി നിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഡി.എ. കുടിശ്ശികയിനത്തിലാവശ്യമായ തുക ബഡ്ജറ്റിൽ പ്രത്യേകം സൂചിപ്പിച്ചിട്ടില്ല.

(ബി) ഈ ഗവണ്മെന്റ് അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ ഡി.എ.-ക്കുവേണ്ടി അധികവിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. 1.7.2004 മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണത്തിൽ 59 ശതമാനം വരെയുള്ള ഡി.എ. അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച സാഹചര്യത്തിൽ ഡി.എ. ഇനത്തിൽ ആവശ്യമായ വിഹിതത്തിൽ ഗണ്യമായ കുറവ് വന്നു. അതിനാൽ പുതുക്കിയ ബഡ്ജറ്റിൽ ഡി.എ.-ക്കുവേണ്ടി അധികവിഹിതം വകയിരുത്തേണ്ടത് ആവശ്യമായിരുന്നില്ല.

(സി) 1.1.2002 മുതൽ 12.6.2002 വരെയുള്ള കാലയളവിൽ 17 ശതമാനം ഡി.എ. കുടിശ്ശികയുണ്ടായിരുന്നു. 1.7.2003 മുതൽ 19.12.2003 വരെയുള്ള കാലയളവിൽ 16 ശതമാനം ക്ഷാമബത്ത കുടിശ്ശികയുണ്ടായിരുന്നു. ഇപ്പോൾ 15 ശതമാനം ഡി.എ. കുടിശ്ശികയാണുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## വനാശ്രിതസമൂഹത്തിന് വേണ്ടിയുള്ള പദ്ധതികൾ

*147 ശ്രീ.പളളിപ്രം ബാലൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.എൻ.അനിരുദ്ധൻ
,, വി.എസ്.സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) വനത്തിനുള്ളിലെ വനാശ്രിതസമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനംവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ടോ; ഇതിനായി പുതിയ എന്തെല്ലാം പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വനത്തിനുള്ളിലും വനാതിർത്തിയിലും താമസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനം വകുപ്പിൽ നാഷണൽ അഫോറസ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളും വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും മുഖേന ജനപങ്കാളിത്ത വനവൽക്കരണ പരിപാടികളും വിവിധ വനപരിപാലന പദ്ധതികളും ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഇക്കോ ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

വന്യമൃഗങ്ങളിൽനിന്നുള്ള കൃഷിനാശവും ജീവനാശവും ഉണ്ടാകാതിരിക്കുന്നതിനായി വനാതിർത്തികളിൽ കിടങ്ങുകളും കയ്യാലകളും നിർമ്മിക്കുകയും വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു.

## സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക

*148 ശ്രീ. സി.എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ
പ്രൊഫ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും എത്ര ശതമാനം ക്ഷാമബത്തയാണ് കുടിശ്ശികയായി നൽകാനുള്ളത്;

(ബി) കുടിശ്ശിക ഏതു കാലഘട്ടം മുതൽക്കുള്ളതാണെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക ഉടൻ വിതരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**ഉത്തരം : ഡോ. തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള നിരക്കിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 15 ശതമാനം (4 ഗഡു) ക്ഷാമബത്ത കുടിശ്ശികയുണ്ട്.

(ബി) 1.1.2005-ൽ 3 ശതമാനം
1.7.2005-ൽ 4 ശതമാനം
1.1.2006-ൽ 3 ശതമാനം
1.7.2006-ൽ 5 ശതമാനം എന്നിങ്ങനെ 1.1.2005 മുതൽ 1.7.2006 വരെയുള്ള ക്ഷാമബത്ത കുടിശ്ശികയാണ് നൽകാനുള്ളത്.

(സി) 2007-08-ൽ ഇത് നൽകുന്നതാണ്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

*149 ശ്രീ. ജോസഫ്.എം. പുതുശ്ശേരി
" റോഷി അഗസ്റ്റിൻ
" തോമസ് ചാഴികാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വെളിപ്പെടുത്താമോ;

(ബി) റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിച്ചത്;

(സി) റവന്യൂ കമ്മി കുറയ്ക്കുന്ന കാര്യത്തിൽ സർക്കാർ എത്ര കണ്ട് വിജയം കൈവരിച്ചെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം: ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനം സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുകയാണ്. പദ്ധതിയേതര ചെലവിനത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനയും പലിശയിനത്തിലെ ചെലവും ചെറുകിട സമ്പാദ്യ പദ്ധതിയിലെ നിക്ഷേപത്തിൽ വന്ന കുറവും നികുതി/ നികുതിയേതര പിരിവിൽ പ്രതീക്ഷിക്കുന്നത്ര വർദ്ധനവ് ഉണ്ടാകാത്തതുമാണ് സാമ്പത്തിക വിഷമതയ്ക്ക് കാരണം.

2006-07-ലെ പുതുക്കിയ ബജറ്റ് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരവ് 19140.04 കോടി രൂപയും റവന്യൂം വരവ് 24554.82 കോടി രൂപയുമാണ്. റവന്യു കമ്മി 5414.78 കോടി രൂപയാണ്. 2006-07 വർഷത്തേയ്ക്കുള്ള മൂലധന ചെലവ് 1398.95 കോടി രൂപയാണ്. ധനകാര്യ കമ്മി 7534.54 കോടി രൂപയാണ്. 2006-07 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ സംസ്ഥാന പദ്ധതി അടങ്കൽ 6680.62 കോടി രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് നടപ്പിലാക്കാനായി 7240 കോടി രൂപ കടമെടുക്കേണ്ടതായിട്ടുണ്ട്. 31.3.2006-ലെ സംസ്ഥാനത്തിന്റെ പൊതുകടം 45929.04 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ച താൽക്കാലിക കണക്കുകൾ പ്രകാരം 2007 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 13248.12 കോടി രൂപയും റവന്യൂ ചെലവ് 15772.59 കോടി രൂപയുമാണ്. റവന്യൂ കമ്മി 2524.47 കോടി രൂപയാണ്. 31.1.2007 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി 3280.08 കോടി രൂപയും പൊതുകടം 48430.20 കോടി രൂപയുമാണ്.

(ബി) റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും നികുതി പിരിവ് ഊർജ്ജിത പ്പെടുത്തുന്നതിനും അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം ഇവ വർദ്ധിപ്പിച്ചും പദ്ധതിയേതര ചെലവുകൾ കുറച്ചും റവന്യൂ കമ്മി കുറയ്ക്കുവാൻ സർക്കാർ വേണ്ടത്ര നടപടികൾ എടുത്തിട്ടുണ്ട്. എന്നാൽ എട്ടാം ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പിലാക്കിയതുമൂലം ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ചെലവിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ പലിശ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി, ധനകാര്യ കമ്മി എന്നിവ പുതുക്കിയ ബജറ്റനുസരിച്ചുള്ള തുകയ്ക്കുള്ളിൽ നിർത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പച്ച നാളികേര സംഭരണം

*150 ശ്രീ. കെ.ശിവദാസൻനായർ
,, അടൂർ പ്രകാശ്
,, എ.പി.അനിൽകുമാർ
,, കെ.സി.വേണുഗോപാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) പച്ചനാളികേരം സംഭരിക്കുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടായിരുന്നോ;

(ബി) ഈ പദ്ധതി പ്രകാരം ആവശ്യമായ തുക കേന്ദ്രഗ്രവൺമെന്റ് നൽകിയിരുന്നോ;

(സി) ഈ പദ്ധതി പ്രകാരം എത്ര ടൺ പച്ചനാളികേരം സംഭരിച്ചു;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) ഉണ്ട്.
കേരഫെഡ് മുഖാന്തിരം കർഷകരിൽനിന്ന് നേരിട്ട് പച്ചനാളികേരം സംഭരിക്കാൻ ഒരു പദ്ധതി 17.8.2006 മുതൽ നടപ്പിലാക്കിത്തുടങ്ങി.

(ബി) പച്ച നാളികേരം സംഭരിക്കുന്നതിന് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടില്ല.

(സി) ഈ പദ്ധതിപ്രകാരം 36.39 ടൺ പച്ച നാളികേരം കേരഫെഡ് ഇതുവരെ സംഭരിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.